**കേരള സർക്കാർ**

നം.648 /ഡി.സി.1/17/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 09.10.2018

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ്- ഹയർസെക്കണ്ടറി സ്കൂളുകളിലും വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും വിദ്യാർത്ഥികൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതർ പരിശോധന നടത്തുന്നത് സംബന്ധിച്ച്

സൂചന: ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾ സമർപ്പിച്ച സി.ആർ.എം.പി നം. 5016/01/LA1/2015/ കെ.ഇ.എസ് .സി.പി.സി.ആർ നമ്പർ പരാതിയിന്മേൽ ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 18.01.2016 ലെ ഉത്തരവ്

ഹയർസെക്കണ്ടറി തലത്തിൽ അധ്യയനസമയം വർധിപ്പിച്ച സാഹചര്യത്തിൽ, സ്കൂളിലെ ജല ലഭ്യതയുടെ അഭാവവും ശുചിത്വമില്ലായ്മയും മൂലം വിദ്യാർത്ഥിനികൾ നേരിടേണ്ടി വരുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തണമെന്നാവശ്യപ്പെട്ട് ബാലാവകാശ സംരക്ഷണ കമ്മീഷൻ മുൻപാകെ ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾ പരാതി സമർപ്പിച്ചിരുന്നു.

2) ശുദ്ധമായ കുടിവെള്ളം, സ്കൂളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ജലലഭ്യതയോടു കൂടിയ യൂറിനൽസ്, കക്കൂസ്, പെൺകുട്ടികൾക്കായി നാപ്കിൻ വെൻഡിങ് മെഷീൻ, ഇൻസിനറേറ്റർ അഥവാ വേസ്റ്റ് ഡിസ്പോസിങ് സൗകര്യം എന്നിവ സ്കൂൾനടത്തിപ്പിന് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ ഭാഗമാക്കുകയും ആയത് എല്ലാ സ്കൂളുകൾക്കും (ഗവണ്മെന്റ്, എയ്ഡഡ്, അൺ എയ്ഡഡ്) ബാധകമാണെന്ന് നിർദേശിക്കുകയും പരിശോധന വേളയിൽ ഇത്തരം സൗകര്യങ്ങൾ ഇല്ലാത്ത സ്കൂൾ മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണെന്ന് വിദ്യാഭാസ വകുപ്പ് സർക്കുലർ പുറപ്പെടുവിക്കണമെന്നും, മേൽ നിർദേശം എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതർ ഒരു അധ്യയന വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും അവരുടെ അധികാര പരിധിയിലുള്ള സ്കൂളുകൾ പരിശോധിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് നിർദേശം നൽകണമെന്നും ബാലാവകാശ സംരക്ഷണ കമ്മീഷൻ മേൽ പരാമർശം പ്രകാരം ഉത്തരവിട്ടിരുന്നു

3) മേൽ സാഹചര്യത്തിൽ ശുദ്ധമായ കുടിവെള്ളം, സ്കൂളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ജലലഭ്യതയോടു കൂടിയ യൂറിനൽസ്, കക്കൂസ്, പെൺകുട്ടികൾക്കായി നാപ്കിൻ വെൻഡിങ് മെഷീൻ, ഇൻസിനറേറ്റർ അഥവാ മാലിന്യ നിർമാർജ്ജന സൗകര്യം എന്നിവ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും (സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്) ഏർപ്പെടുത്തിയിട്ടിട്ടുണ്ടെന്നും ആയത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട

തദ്ദേശസ്വയംഭരണസ്ഥാപനാധികൃതർ ഒരു വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും അവരുടെ അധികാര പരിധിയിലുള്ള സ്കൂളുകളിൽ പരിശോധന നടത്തേണ്ടതാണ്

സിന്ധു എൽ.
ഗവ. സ്പെഷ്യൽ സെക്രട്ടറി

രജിസ്ട്രാർ,കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ,തിരുവനന്തപുരം
(with C/L)
ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും
(ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
(വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷനുകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പൊതു വിദ്യാഭാസ (യു) വകുപ്പ്
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്